ഉത്തരം

(എ) 100-നും 110-നും ഇടയ്ക്ക് അപകടങ്ങൾ ഉണ്ടാകുന്നതായാണ് കണക്ക്.

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയ കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിന് വാഹന പരിശോധന കൂടുതൽ ശക്തമാക്കുന്നതാണ്. ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് ഒരു ഡ്രൈവിംഗ് ട്രെയിനിംഗ് സ്കൂൾ ഈ വർഷം തന്നെ സ്ഥാപിക്കുന്നതാണ്. ട്രാഫിക് ചിഹ്നങ്ങളും സിഗ്നലുകളും സ്ഥാപിക്കുന്നതിന് നടപടി എടുത്തുവരുന്നുണ്ട്. കൂടാതെ പൊതുജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികൾ നടത്താനും ഉദ്ദേശിക്കുന്നു. റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) റോഡ് സുരക്ഷാ അതോറിറ്റി രൂപീകരണം സംബന്ധിച്ച വിവിധ വശങ്ങൾ പരിശോധനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

റോഡ് സുരക്ഷിതത്വ ഓഡിറ്റ് ഏർപ്പെടുത്താൻ നടപടി

44 [2696] ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എ. പി. അനിൽകുമാർ:
„ ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾമൂലം പ്രതിവർഷം എത്രപേർ മരണപ്പെടുകയും എത്ര പേർക്ക് പരിക്കേൽക്കുകയും ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷിതത്വ ഓഡിറ്റ് ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2000-ൽ 49402 പേർക്ക് പരിക്കേൽക്കുകയും 2710 പേർ മരണപ്പെടുകയും ചെയ്തു. 2001-ൽ 29675 പേർക്ക് പരിക്കേൽക്കുകയും 2674 പേർ മരണപ്പെടുകയും ചെയ്തു. 2002-ൽ 49479 പേർക്ക് പരിക്കേൽക്കുകയും 2792 പേർ മരണപ്പെടുകയും ചെയ്തു. 2003 മേയ് 31 വരെ പരിക്കേറ്റവരുടെ എണ്ണം 19540-ഉം മരണപ്പെട്ടവർ 1222-ഉം ആണ്.

(ബി, സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനും പരിക്കേൽക്കുന്നവർക്ക് അടിയന്തിര സഹായം നൽകുന്നതിനും മറ്റുമായി റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly